No : A1/2380/2021

O/o The District Programme Manage
National Health Mission, Palakkad
Dated : 26.04.2022

# പുനർ - ദർഘാസ് പരസ്യം

**DMHP**

11.05.2022 മുതൽ 31.03.2023 വരെയുള്ള കാലയളവിലേക്ക്

DMHP പാലക്കാട് എന്ന പ്രോഗ്രാമിനായി 1000 CC യോ അതിനു മുകളിലോ , 17 Seater വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി വാഹന ഉടമസ്ഥരിൽ നിന്ന് മത്സരാടിസ്ഥാനത്തിലുള്ള മുദ്രവെച്ചു ദർഘാസ് ക്ഷണിച്ചു കൊള്ളുന്നു. ( ആവശ്യമായ വാഹനങ്ങൾ - 2 ) പ്രതിമാസം 2000 കി. മി. വാഹനം സർവിസ് നടത്തേണ്ടതിനുള്ള തുക ക്വട്ടേഷനിൽ കാണിച്ചിരിക്കേണ്ടതും, ഒരു മാസം 2000 കി. മി. വെച്ച് മേൽ പറഞ്ഞ കാലയളവില് 22000 കി. മി ഓടേണ്ടതാണ്. 22000 കി.മി കവിയുന്ന പക്ഷം സർക്കാർ നിരക്കില് കൂടുതൽ ഓടിയതിനുള്ള തുക അനുവധിക്കുന്നതാണ്. ഈ വ്യവസ്ഥകൾക്ക് വിധേയമായി മത്സരാടിസ്ഥാനത്തിൽ മുദ്രവെച്ചു ദർഘാസ് ക്ഷണിച്ചു കൊള്ളുന്നു.

1) *വാടകയ്ക്ക് നൽകേണ്ട വാഹനം 2015 ജനുവരി മാസത്തിലോ, അതിനുശേഷമോ ടാക്സി പെർമിറ്റായി ക്വട്ടേഷൻ സമർപ്പിക്കുന്നവരുടെ സ്വന്തം പേരിൽ ക്വട്ടേഷൻ സ്വീകരിക്കുന്ന തിയ്യതിക്കുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്.*

2) *സ്വന്തം പേരിൽ വാഹനം രജിസ്റ്റർ ചെയ്യാത്തവരുടെ ദർഘാസ് സ്വീകരിക്കുന്നതല്ല ജനുവരിക്ക് മുൻപ് രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾ ക്വട്ടേഷനിൽ പരിഗണിക്കുന്നതല്ല. ആകയാൽ അത്തരം വാഹന ഉടമകൾ ക്വട്ടേഷൻ നൽകേണ്ടതില്ല.*

3) *ആർ.സി ബുക്കിന്റെ കോപ്പി, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, മോട്ടോർ വാഹന വകുപ്പ് നിർദ്ദേശിക്കുന്ന മറ്റു സർട്ടിഫിക്കറ്റുകളും ക്വട്ടേഷനോടൊപ്പം നൽകേണ്ടതാണ്.*

4 ) *ഒരു വാഹനത്തിന്റെ രജിസ്റ്റർ നമ്പറിൽ ഒരു പ്രോഗ്രാമിനു മാത്രമേ ദർഘാസ് നൽകാവൂ അല്ലാത്ത ഒരു ദർഘാസും പരിഗണിക്കുന്നതല്ല.*

*5) ക്വട്ടേഷൻ ലഭിക്കുന്നവർ ക്വട്ടേഷൻ നിബന്ധനകളും കരാറും പാലിക്കേണ്ടതും 200/ രൂപയുടെ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്.*

*6) വാഹനത്തിന് അന്തർസംസ്ഥാന പെർമിറ്റ് വാഹന ഉടമയുടെ സ്വന്തം ചിലവിൽ എടുക്കേണ്ടതാണ്.*

*7) ദർഘാസ് കാണിച്ചിരിക്കുന്ന പ്രസ്തുത നമ്പറിലുള്ള വാഹനം കരാർ കാലാവധി വരെ മാറ്റാൻ വാഹന ധാതാവിന് അധികാരമില്ല.ആകയാൽ* ദർഘാസ് തുറക്കുന്നതിൻ തൊട്ടു മുമ്പുള്ള മാസത്തെ ഫിട്നെസ്സ് സർടിഫിക്കറ്റ് ലഭ്യമാക്കെണ്ടാതാണ്

*8) പ്രതിമാസം 2000 കി.മീ നുള്ള തുകയാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്.*

എൻ.എച്ച്.എം (ആരോഗ്യകേരളം) പാലക്കാട്



Scanned with CamScanner

9) വാഹനം ആശുപത്രി / ഓഫീസ് കോംപൗണ്ടിന് അകത്തു നിർത്തേണ്ടതും ആശുപത്രി ആവശ്യങ്ങൾക്ക് മാത്രം ഓടിക്കേണ്ടതും, ഓടിക്കാതെ നിർത്തേണ്ട സമയത്ത് വാഹനത്തിന്റെ താക്കോൽ (ഒറിജിനൽ & ഡ്യൂപ്ലിക്കേറ്റ്) സ്ഥാപന മേധാവിയെ ഏല്പിക്കേണ്ടതുമാണ്.

10) ആശുപത്രി ആവശ്യങ്ങൾക്കായി ഉപയോഗിക്കാതെ പുറത്തു മറ്റാവശ്യങ്ങൾക്കായി ഓടുന്നത് ശ്രദ്ധയിൽ പെട്ടാൽ യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദ് ചെയ്യാനുള്ള അധികാരം DPM യിൽ നിക്ഷിപ്തമാണ്.

11) ആദിവാസി മേഖലയിൽ ഏതു സമയത്തും (അവധി ദിവസമുൾപ്പടെ ഏതു വിധത്തിലുള്ള ആവശ്യത്തിനും വാഹനം ലഭ്യമാകേണ്ടതാണ്, ആയതിൽ യാതൊരു വിമുഖതയും അനുവദനീയമല്ല

12) മറ്റു ഡിപ്പാർട്ട്മെന്റ് ആവശ്യത്തിനായി NHM വാഹനം ഉപയോഗിക്കുവാൻ പാടുള്ളതല്ല. അങ്ങനെ ഉപയോഗിക്കേണ്ടി വരികയിൽ സ്ഥാപന മേധാവിയുടെ മുൻകൂട്ടിയുള്ള രേഖ മൂലമുള്ള ഉത്തരവിലൂടെ മാത്രമേ ഉപയോഗിക്കാവൂ.

13) പ്രോഗ്രാം അനുസരിച്ചുള്ള സ്റ്റിക്കറുകൾ വാഹനത്തിൽ പതിക്കേണ്ടതാണ്

14) ക്വട്ടേഷൻ തുറക്കുന്ന സമയത്ത് ഒറിജിനൽ രേഖകൾ ഹാജരാക്കേണ്ടതാണ്

15) നേരത്തെ ദർഗാസിൽ പങ്കെടുത്തവർക്ക് പുനർ- ദർഗാസിനായി ടെണ്ടർ ഫീ നൽകേണ്ടതില്ല

ദർഘാസ് നിബന്ധനകളും കരാർ വ്യവസ്ഥകളും വാഹന ദാതാവ് ഒരു കാരണവശാലും ലംഘിക്കാൻ പാടുള്ളതല്ല. കരാറോ നിബന്ധനകളോ പാലിക്കപ്പെടാതെ വരുന്ന പക്ഷം കരാർ ലംഘനം നടന്നതായി കണക്കാക്കി ഒരു കത്തിടപാടും നടത്താതെ കരാർ റദ്ദു ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ജില്ലാ പ്രോഗ്രാം മാനേജരിൽ നിക്ഷിപ്തമാണ്.

26.04.2022 മുതൽ ദർഘാസ് ഫോറത്തിനായി 600/- രൂപ, District Health & Family Welfare Society എന്ന പേരിൽ മാറാവുന്ന Demand Draft ആയി ഫീസടച്ച് എന്.എച്ച്.എം ഓഫീസിൽ നിന്നും വാങ്ങിക്കാവുന്നതാണ്. ദർഘാസ് ഫീസ് യാതൊരു കാരണ വശാലും തിരികെ നൽകുന്നതല്ല

ദർഘാസ് ഫോറം ലഭ്യമാവുന്ന അവസാന തീയതി 05.05.2022, 10.30 A.M വരെ ആയിരിക്കും ,ശേഷം ദർഘാസ് ഫോറം ലഭ്യമാവുന്നതല്ല.

പൂരിപ്പിച്ച ദർഘാസ് ഫോമിനോപ്പം നിരതദ്രവ്യമായി (EMD) District Health & Family Welfare Society യുടെ പേരിൽ മാറാവുന്ന 5000/ രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. കരാർ കാലാവധിക്ക് ശേഷം EMD തിരിച്ചു നല്കുന്നതാണ്

ദർഘാസ് സ്വീകരിക്കുന്ന അവസാന തിയ്യതി 06.05.2022 ഉച്ചയ്ക്ക് 1 മണി വരെ.

എൻ.എച്ച്.എം (ആരോഗ്യകേരളം) പാലക്കാട്



Scanned with CamScanner

അന്നേ ദിവസം 1.15 P.M ന് അപ്പോൾ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ ദർഘാസ് തുറക്കുന്നതുമാണ്.. വൈകി കിട്ടുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല

കൂടുതൽ വിവരങ്ങൾക്ക് ജില്ലാ പ്രോഗ്രാം മാനേജർ എൻ.ച്ച്.എം പാലക്കാട് 0491 2504695 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ദർഘാസ് ഭാഗികമായോ പൂർണ്ണമായോ റദ്ദു ചെയ്യുവനോ സ്വീകരിക്കുവാനോ ഉള്ള പൂർണ്ണാധികാരം ജില്ലാ പ്രോഗ്രാം മാനേജരിൽ നിക്ഷിപ്തമാണ്. ഇതു സംബന്ധിച്ച് യാതൊരു കത്തിടപാടും ഉണ്ടായിരിക്കുന്നതല്ല.

എൻ.എച്ച്.എം (ആരോഗ്യകേരളം) പാലക്കാട്

ജില്ലാ പ്രോഗ്രാം മാനേജർ,എൻ.എച്ച്.എം,പാലക്കാട്.

To

ദി നോട്ടീസ് ബോർഡ്

1. ജില്ലാ മെഡിക്കൽ ഓഫീസ് ( ആ)പാലക്കാട്
2. ജില്ലാ ആശുപത്രി ,പാലക്കാട്
3. ജില്ലാ പഞ്ചായത്ത് ഓഫീസ് ,പാലക്കാട്
4. ജില്ലാ മെഡിക്കൽ ഓഫീസ് (ISM Palakkad)
5. ജില്ലാ മെഡിക്കൽ ഓഫീസ് (ഹോമിയോ പാലക്കാട്)



Scanned with CamScanner